പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 877

05.03.2018-ൽ മറുപടിക്ക്

## പാലങ്ങളുടെ പുനർനിർമ്മാണം

**ചോദ്യം**

ശ്രീ.ബി.ഡി. ദേവസ്സി
,, വി. കെ. സി. മമ്മത് കോയ
,, പി. ഉണ്ണി
,, പി.വി. അൻവർ :

**മറുപടി**

ശ്രീ. ജി. സുധാകരൻ
(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)

| ചോദ്യം | മറുപടി |
|---|---|
| (എ) സംസ്ഥാനത്തെ 165 പാലങ്ങൾ പുനർനിർമ്മാണം ആവശ്യമായവയാണെന്ന കണ്ടെത്തലിന്റെ അടിസ്ഥാനത്തിൽ, അപായങ്ങൾക്കിട നൽകാതെ ഇവ പുനർനിർമ്മിക്കാൻ കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ; | (എ) സംസ്ഥാനത്ത് നിരത്തുകളും പാലങ്ങളും വിഭാഗത്തിന്റെ കീഴിലുള്ള 162 പാലങ്ങൾക്ക് പുനർ നിർമ്മാണം ആവശ്യമാണെന്ന് കണ്ടെത്തിയിട്ടുണ്ട്. ഇവയിൽ 22 പാലങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ബഡ്ജറ്റിലും, കിഫ്ബിയിലുമായി ഭരണാനുമതി നൽകിയിട്ടുണ്ട്. 10 പാലങ്ങളുടെ പ്രവൃത്തികൾക്കായുള്ള എസ്റ്റിമേറ്റ് ഭരണാനുമതിയ്ക്കായി സർക്കാരിൽ ലഭ്യമായിട്ടുണ്ട്. ആയത് പരിശോധിച്ചുവരുന്നു. ബാക്കി വരുന്ന പാലങ്ങളുടെ ഇൻവെസ്റ്റിഗേഷൻ നടത്തി, സ്ട്രക്ചറൽ ഡിസൈൻ ചെയ്ത് ഡി.പി.ആർ തയ്യാറാക്കി ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി). പാലങ്ങളുടെ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനായി നിശ്ചിത ഇടവേളകളിൽ എല്ലാ പാലങ്ങളുടെയും പരിശോധന നടത്താൻ സാധിക്കുമോ എന്നറിയിക്കാമോ; | (ബി) പാലങ്ങളുടെ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനായി നിശ്ചിത ഇടവേളകളിൽ എല്ലാ പാലങ്ങളും പരിശോധന നടത്തുവാൻ സാധിക്കുന്നതാണ്. ഇതിനായി നിരത്തുകളും പാലങ്ങളും വിഭാഗത്തിന്റെ കീഴിലുള്ള എല്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കും നിർദ്ദേശംനൽകിയിട്ടുണ്ട്. |
| (സി). ഇത്തരം പാലങ്ങൾ നിലവാരമില്ലാതെ നിർമ്മിക്കാനിടയാക്കിയ ഉദ്യോഗസ്ഥർക്കെതിരെയും ഇവ നിർമ്മിച്ച കരാറുകാർക്കെതിരെയും നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (സി) പുനർ നിർമ്മാണം ആവശ്യമായുള്ള പാലങ്ങളുടെ ബലക്ഷയത്തിന്റെ കാരണങ്ങൾ വിലയിരുത്തിയിട്ടില്ല. കാലപ്പഴക്കം, കുറഞ്ഞ വീതി, അറ്റകുറ്റപ്പണികൾ സമയത്ത് നടപ്പാക്കാത്തത്, നിർമ്മാണത്തിലെ അപാകത എന്നിവ പാലങ്ങളുടെ ബലക്ഷയത്തിന് കാരണമാകാ |

| | |
|---|---|
| | വുന്നതാണ്. നിലവാരമില്ലാത്തതു കാരണം പാലങ്ങൾക്ക് തകരാറു സംഭവിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഡി). പൊതുമരാമത്ത് വകുപ്പ് നടത്തുന്ന നിർമ്മാണ പ്രവൃത്തികൾ ഗുണനിലവാരം പുലർത്തുന്നവയായിരിക്കുമെന്ന് ഉറപ്പുവരുത്താൻ സർക്കാർ പുതുതായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ? | (ഡി) പൊതുമരാമത്ത് പ്രവൃത്തികളുടെ ഗുണനിലവാരവും, സുതാര്യതയും ഉറപ്പുവരുത്തുന്നതിന്റെയും അഴിമതി രഹിതമാക്കുന്നതിന്റേയും ഭാഗമായി ജി.ഒ(എം.എസ്)നം. 1/2018/പി.ഡബ്ല്യു.ഡി തീയതി 05.01.2018 പ്രകാരം പൊതുമരാമത്ത് വകുപ്പ് പ്രവൃത്തികൾക്ക് സോഷ്യൽ ഓഡിറ്റിംഗ് നടപ്പിലാക്കുന്നതിന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ പ്രവൃത്തികളിൽ സോഷ്യൽ ഓഡിറ്റിംഗ് നടപ്പിലാക്കിയിട്ടുണ്ട്. |

S. Bindu

സെക്ഷൻ ഓഫീസർ